പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *135** **14.12.2012 ൽ മറുപടിയ്ക്ക്**

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഏതു കാലയളവു വരെയുള്ള അപേക്ഷകളാണ് കർഷകരിൽ നിന്നും ഇപ്പോൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) 20.02.09-ലെ സ.ഉ.(എംഎസ്.)നം.37/2009/കൃഷി പ്രകാരം കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷകൾ കർഷകകടാശ്വാസ കമ്മീഷനിൽ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31.5.2009 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിൽ അപേക്ഷകൾ സ്വീകരിക്കുന്നില്ല. എന്നാൽ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള കടങ്ങൾ കൂടി 01.10.2012 ലെ ജി.ഒ.(പി) നം. 370/2012/ആർഡി പ്രകാരം കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം ബാങ്കുകളിൽ നിന്നുള്ള കാർഷിക കടങ്ങൾക്കാണ് ഇപ്പോൾ പ്രസ്തുത കമ്മീഷന്റെ കടാശ്വാസം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള സഹകരണ സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളാണ് കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നത്. |
| (സി) ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും കാർഷികാവശ്യത്തിന് കടം എടുത്ത കർഷകരെ കൂടി പ്രസ്തുത കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ